**മധുരമായ കുട്ടികളേ – ഇത് സർവ്വശക്തമായ ഗവൺമെന്റാണ്, ബാബയോടൊപ്പം ധർമ്മരാജനുമുണ്ട്, അതുകൊണ്ട് ബാബയ്ക്ക് താൻ ചെയ്തിട്ടുള്ള പാപ കർമ്മങ്ങളെക്കുറിച്ച് കേൾപ്പിക്കുകയാണെങ്കിൽ പകുതി മാപ്പാക്കും.**

**ചോദ്യം** – രാജധാനിയുടെ അധികാരിയും പ്രജകളിൽ ധനവാന്മാരും ഏതിന്റെ ആധാരത്തിലാണ് ആകുന്നത്?

**ഉത്തരം** – രാജധാനിയുടെ അധികാരിയായിത്തീരുന്നതിനായി പഠിപ്പിൽ പൂർണ്ണ ശ്രദ്ധ ആവശ്യമാണ്. പഠിപ്പിലൂടെ മാത്രമാണ് പദവിയുടെ പ്രാപ്തിയുണ്ടാകുന്നത്. ധനവാന്മാരായ പ്രജകളായിത്തീരുന്നവർ ജ്ഞാനം നേടും, വിത്ത് വിതയ്ക്കും(സഹയോഗിയായിത്തീരും), പവിത്രമായിരിക്കുകയും ചെയ്യും, പക്ഷേ പഠിപ്പിൽ ശ്രദ്ധിക്കുകയില്ല. പഠിപ്പിൽ ശ്രദ്ധയുണ്ടാകുന്നത് അപ്പോഴാണ് എപ്പോഴാണോ ആദ്യം ഈ പക്കാ നിശ്ചയം ഉണ്ടായിരിക്കുന്നത്, നമ്മെ സ്വയം ഭഗവാനാണ് പഠിപ്പിക്കുന്നതെന്ന്. അഥവാ പൂർണ്ണ നിശ്ചയം ഇല്ലാ എങ്കിൽ ഇവിടെയിരുന്നു കൊണ്ടും മൂഢന്മാരെപ്പോലെയാണ്. അഥവാ നിശ്ചയം ഉണ്ടെങ്കിൽ പതിവായി പഠിക്കണം, ധാരണ ചെയ്യണം.

**ഗീതം** – കണ്ണുകാണാത്തവർക്ക് വഴി കാണിച്ചുകൊടുക്കൂ പ്രഭോ..........

**ഓംശാന്തി**. കലിയുഗത്തെ അന്ധകാരത്തിന്റെ നഗരി എന്നാണ് പറയപ്പെടുന്നത്, കാരണം എല്ലാ ആത്മപ്രകാശവും അണഞ്ഞിരിക്കുകയാണ്, അല്ലാതെ കണ്ണുകളുടെ അന്ധതയല്ല. ഈ അന്ധകാരത്തിന്റെ നഗരത്തിൽ എല്ലാവരും ജ്ഞാന നേത്രഹീനരാണ്, അന്ധന്റെ സന്താനങ്ങൾ എല്ലാവരും അന്ധന്മാരാണ്. തമോപ്രധാനമായിത്തീർന്നിരിക്കുകയാണ്. നമ്മൾ എല്ലാ ആത്മാക്കളുടെയും അച്ഛൻ പരമാത്മാവാണ്, എപ്പോഴാണോ നമ്മൾ എല്ലാവരും മൂലവതനത്തിൽ വസിക്കുന്നത് അപ്പോൾ ജ്വലിക്കുന്ന പ്രകാശമാണ്. ആദ്യമാദ്യം സതോപ്രധാനവും സത്യവുമായ സ്വർണ്ണമായിരുന്നു. സത്യയുഗത്തെ സ്വർണ്ണിമയുഗം എന്നാണ് പറയുന്നത്. ഹിന്ദിയിൽ പാരസ്പുരി (പവിഴപുരി) എന്നു പറയും. ഇപ്പോൾ ഇരുമ്പ് യുഗമാണ്, അതായത് തമോപ്രധാനവും കല്ലു ബുദ്ധിയും. സത്യയുഗത്തിൽ ഓരോ വീട്ടിലും പ്രകാശമാണ്, കലിയുഗത്തിൽ ഓരോ വീട്ടിലും അന്ധകാരവും. ദേവീദേവതാധർമ്മം നഷ്ടപ്പെട്ടിരിക്കുന്നു. എല്ലാവരും ധർമ്മഭ്രഷ്ടരും കർമ്മഭ്രഷ്ടരുമാണ്. സ്വയത്തെ ദേവത എന്നു പറയാൻ സാധിക്കില്ല കാരണം വികാരിയാണ്. ബാബ സാവർക്കറുടെ ഉദാഹരണം പറഞ്ഞിരുന്നു. അദ്ദേഹത്തോട് പറഞ്ഞിരുന്നു–ആദിസനാതനം എന്നാൽ ദേവതാധർമ്മമായിരുന്നു എന്ന്. നിങ്ങൾ പിന്നെന്തിനാണ് ആദിസനാതന ഹിന്ദു മഹാസഭയെന്നു പറയുന്നത്? അപ്പോൾ പറഞ്ഞു – ദാദാജീ, നമുക്ക് സ്വയത്തെ ദേവീദേവതകൾ എന്നു പറയാൻ സാധിക്കില്ല കാരണം നമ്മൾ അപവിത്രരാണ്. ഇപ്പോൾ ദേവതാധർമ്മത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു, കാരണം ഇത് മിഷനറിയാണ്. ക്രിസ്തു വന്നപ്പോൾ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നില്ല എന്നതുപോലെ ഈ സമയത്തും ദേവീദേവതാധർമ്മത്തിലുള്ളവരില്ല. ഇപ്പോൾ ബ്രാഹ്മണരുടെ സ്ഥാപനയാണ് നിർവ്വഹിക്കുന്നത്. ബ്രാഹ്മണർ തന്നെയാണ് ദേവീദേവതകളായിത്തീരുന്നത്. പരമപിതാവായ പരമാത്മാവ് പറയുന്നു – ഞാൻ ദേവീദേവതാധർമ്മത്തെ സ്ഥാപിക്കുന്നയാളാണ്. ഞാൻ നിങ്ങൾ ആത്മാക്കളുടെ പാരലൗകിക പിതാവാണ്, ഞാനാണ് നിങ്ങളെയെല്ലാം തന്നെ അയക്കുന്നത്. എങ്ങനെയാണോ അത് ക്രിസ്ത്യാനികളുടെ മിഷനറി, അതേപോലെ ഇത് ദേവീദേവതാധർമ്മത്തിന്റെ മിഷനറിയാണ്. സ്വയം പാരലൗകിക പരമപിതാവായ പരമാത്മാവ് പറയുന്നു – നിങ്ങൾ എന്തെല്ലാമാണോ കേട്ടു വന്നത് അതെല്ലാം അസത്യമാണ്. ഡ്രാമ അനുസരിച്ച് ഇതെല്ലാം തന്നെ വീണ്ടും ഉണ്ടാവുക തന്നെ വേണം. പക്ഷേ ഈ മായയുടെ ബന്ധനത്തിൽ നിന്നും മുക്തമാക്കുന്നതിനു വേണ്ടി ഞാൻ കല്പകല്പം വന്ന് നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. വന്ന് ബ്രഹ്മാബാബയിലൂടെ ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന നിർവ്വഹിക്കുന്നു. ദ്വാപരയുഗം മുതൽ വീണ്ടും അനേക ധർമ്മങ്ങളുടെ സ്ഥാപനയുണ്ടാകുന്നു. ആ സമയത്ത് ദേവതാധർമ്മമില്ല. അതിനെ രാവണരാജ്യം എന്നാണ് പറയുന്നത്. ഗീതയാണ് ഭാരതത്തിന്റെ സർവ്വോത്തമ ധർമ്മശാസ്ത്രം കാരണം ഭഗവാൻ ഉച്ചരിച്ചിട്ടുള്ളതാണ്. മറ്റെല്ലാ ശാസ്ത്രങ്ങളും മനുഷ്യരാൽ പാടപ്പെട്ടതാണ്. കൃഷ്ണൻ സത്യയുഗത്തിൽ പ്രാപ്തി അനുഭവിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു – ഞാൻ വന്നിരിക്കുന്നതു തന്നെ ഭാരതത്തിൽ ലക്ഷ്മിനാരായണന്റെ രാജ്യത്തെ സ്ഥാപിക്കാനാണ്. ഇതുപോലെ ഗീത കേൾപ്പിക്കുന്ന മറ്റാർക്കും തന്നെ പറയാൻ സാധിക്കുകയില്ല. ഭഗവാനു മാത്രമേ പറയാൻ സാധിക്കൂ – അല്ലയോ ഭാരതവാസികുട്ടികളേ, ഞാൻ വന്നിരിക്കുകയാണ് ബ്രഹ്മാവിലൂടെ ദേവതാധർമ്മത്തിന്റെ സ്ഥാപന നിർവ്വഹിക്കുന്നതിനായി. ആദ്യം ബ്രഹ്മാവിലൂടെ ബ്രാഹ്മണർ ആവശ്യമാണ്. ദേവതകൾ പ്രാപ്തി അനുഭവിക്കുന്നവരാണ്. അവർ ആരുടെയും നന്മ ചെയ്യു

ന്നില്ല. അവർ രാജാക്കന്മാരാണ്. അവിടെ ധാരാളം സമ്പത്തുണ്ട്. അവിടെ മായയില്ലാത്തതുകൊണ്ട് അതിനെ സ്വർഗ്ഗമെന്നു പറയുന്നു. ഇപ്പോൾ ഭാരതം നരകമാണ്. ഗീത കേൾപ്പിക്കുന്ന മറ്റാർക്കും തന്നെ കാമം മഹാ ശത്രുവാണ്, ഇതിനുമേൽ വിജയം പ്രാപ്തമാക്കുന്നതിലൂടെ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരും എന്ന് പറയാൻ സാധിക്കുകയില്ല. നിങ്ങൾ മുഴുവൻ ഭാരതത്തിലും പോകൂ, ഗീതകേൾപ്പിക്കുന്ന ആർക്കും ഇത് പറയാൻ സാധിക്കില്ല കാരണം സ്വയം വികാരിയാണ്. ആ പാവങ്ങൾക്ക് ഇതും അറിയുകയില്ല എല്ലാ വരുടെയും അന്തിമ ജന്മമാണെന്ന്. ബാബ പറയുന്നുണ്ട്, ആരിലാണോ ഞാൻ പ്രവേശിക്കുന്നത്, ഇവ രുടെ വളരെ ജന്മങ്ങൾക്കു ശേഷമുള്ള അന്തിമജന്മമാണ് അതായത് മുഴുവൻ സൃഷ്ടിയുടെയും അന്തിമ മാണ്. ഈയൊരു ജന്മത്തേക്കു വേണ്ടിയെങ്കിലും നിങ്ങൾ പവിത്രതയുടെ ഉത്തരവാദിത്വം എടുക്കൂ. ഇത് അസത്യമായ കാര്യമൊന്നും തന്നെയല്ല. മഹാഭാരതയുദ്ധവും കാണാൻ പോവുകയാണ്. ചെറിയ ചെറിയ റിഹേഴ്സലുകൾ ഉണ്ടായിക്കൊണ്ടിരിക്കും. കുട്ടികൾക്ക് വിനാശത്തിന്റെയും സ്ഥാപനയുടെയും സാക്ഷാ ത്കാരം ഉണ്ടായിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും ഇത് അന്തിമ ജന്മമാണെന്ന്. മറ്റുള്ള ഗീത കേൾപ്പിക്കുന്ന ആളുകൾക്ക് ഇങ്ങനെ പറയാൻ സാധിക്കുകയില്ല, ഇത് നിങ്ങളുടെ അന്തിമ ജന്മമാണ് അതുകൊണ്ട് പവിത്രതയുടെ പ്രതിജ്ഞ എടുക്കൂ എന്ന്. ഇത് നിങ്ങളുടെ രാജയോഗമാണ്. നിങ്ങൾ രാജ്യ പദവിയ്ക്കു വേണ്ടി തപസ്യ ചെയ്യുന്നു. ഇപ്പോൾ ഈ സത്യമായ സമ്പാദ്യം ചെയ്യണം. ഈ അന്തിമ ജന്മ ത്തിൽ കല്ലുനാഥനിൽ നിന്നും പവിഴനാഥനായിത്തീരുന്നു. തീർത്തും ഉയർന്ന പദവി നേടുന്നു.

ആരാണോ പഴയ കുട്ടികൾ, ആരെയാണോ മായ ഭസ്മീഭൂതമാക്കിത്തീർത്തത്, അവരെയാണ് വന്ന് ഉണർത്തു ന്നത്. ആദ്യം സതോപ്രധാനമായിരുന്നു, ഇപ്പോൾ എല്ലാ ആത്മാക്കളും കറുത്തതും സതോപ്രധാനവുമായി ത്തീർന്നു. ആത്മാവു തന്നെയാണ് കറുത്തതും വെളുത്തതുമായിത്തീർന്നത്. ആത്മാവിനെ ലയിച്ചുചേരുക എന്നു പറയുന്നത് ശുദ്ധ നുണയാണ്. ആത്മാവാണ് സംസ്കാരം എടുത്തു പോകുന്നത്. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ ഈശ്വരീയ മതത്തിലെ കുട്ടികളാണ്. യൂറോപ്പിലുള്ളവരും പറയുന്നുണ്ട് ഭാരതത്തിൽ ദേവീദേവതകളുടെ രാജധാനിയായിരുന്നു. ഭഗവാൻ രാമനെന്നും ഭഗവതി സീതയെന്നുമാണ് പറയുന്നത്, പക്ഷേ അവരെ ഭഗവാൻ ഭഗവതിയെന്നു പറയാൻ സാധിക്കുകയില്ല. അവർ ദേവീദേവന്മാരാണ്. അവിടെ ആരും തന്നെ ഭഗവാന്മാരല്ല. ഭഗവാൻ ഒന്നാണ്, മൂന്ന് ദേവതകളാണ്. ബാക്കിയെല്ലാം തന്നെ മനുഷ്യസൃ ഷ്ടിയാണ്. എങ്ങനെയാണോ ക്രിസ്തു വന്ന് ധർമ്മത്തെ സ്ഥാപിച്ചപ്പോൾ ക്രിസ്ത്യാനികൾ ഉണ്ടായിരു ന്നില്ല, അതുപോലെ ദേവീദേവതാധർമ്മം ഇപ്പോൾ ലോപിച്ചിരിക്കുകയാണ്. ഏറ്റവും ഉത്തമ ധർമ്മമാണ് ദേവീദേവതകളുടെത്. ബാബ പറയുന്നു ആദ്യം ഈ ആത്മീയ ബ്രാഹ്മണധർമ്മത്തെ രചിക്കുന്നു. ഈ ആത്മീയ ബ്രാഹ്മണർ പരംധാമത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കുന്നവരാണ്. ഇങ്ങനെ പറയാറുണ്ട് ഭക്തർക്ക് വീട്ടിലിരിന്നുകൊണ്ട് ഭഗവാനെ കിട്ടിയെന്ന്. അപ്പോൾ ബാബ പറയുന്നു ആദ്യത്തെ നമ്പറിലുള്ള ഭക്തർ തീർച്ചയായും ദേവതകളായിരിക്കും. ലക്ഷ്മിനാരായണനാണ് ആദ്യമാദ്യം ഭക്തി മാർഗ്ഗം ആരംഭി ച്ചത്. അവരാണ് സോമനാഥന്റെ ക്ഷേത്രത്തെ പണിതത്, ബാബ എത്ര വ്യക്തമായാണ് പറഞ്ഞുതരുന്നത്. ആരാണോ രാജധാനിയുടെ അധികാരികൾ അവർക്കു മാത്രമേ ഈ ജ്ഞാനത്തെ എടുക്കാൻ സാധിക്കൂ. പിന്നീട് പ്രജകളിൽ ധനവാന്മാരായിത്തീരുന്നവരും ജ്ഞാനം നേടും. വിത്ത് വിതയ്ക്കും പക്ഷേ പഠിപ്പ് നന്നായി പഠിക്കുകയില്ല. പവിത്രമായിരിക്കുകയും ചെയ്യും. ബാബ പറയുന്നു – കുട്ടികളേ ഇത് പഠിപ്പാണ്. പഠിപ്പിലൂടെയാണ് പദവി നേടുന്നത്. വളരെ ഉയർന്നതിലും ഉയർന്ന പദവിയാണ്. ആദ്യം ഈ നിശ്ചയം ഉണ്ടായിരിക്കണം ഭഗവാനാണ് നമ്മൾ കുട്ടികളെ പഠിപ്പിക്കാൻ വന്നിരിക്കുന്നത് അല്ലാതെ കൃഷ്ണനല്ല. ബാക്കി ഈ പഠിപ്പിലൂടെ നമ്മൾ കൃഷ്ണനായിത്തീരുന്നു. നിങ്ങൾ എല്ലാവരും രാജകുമാരി–കുമാരന്മാരാ യിത്തീരുന്നു. ആർക്കാണോ പൂർണ്ണ നിശ്ചയം ഇല്ലാത്തത്, അവർ ഈ വിദ്യാലയത്തിൽ ബുദ്ദുക്കളെപ്പോ ലെയായിരിക്കും ഇരിക്കുക. അഥവാ നിശ്ചയം ഉണ്ടെങ്കിൽ തുടർച്ചയായി പഠിക്കണം. ഇല്ലെങ്കിൽ ഒന്നും തന്നെ മനസ്സിലാക്കിയിട്ടില്ല. ഇവിടെ അവിനാശിയായ ബാബയിലൂടെ അവിനാശി പ്രാപ്തിയാണ് ലഭിക്കു ന്നത്. ബാക്കിയെല്ലാം തന്നെ ശ്മശാനമായി മാറാൻ പോകുന്നു. നമ്മൾ തയ്യാറാവുന്ന വരെയ്ക്കും വള രെ കുറച്ചുപേർ മാത്രമേയുണ്ടാകൂ. പിന്നീട് അവരും അവശേഷിക്കില്ല. ഞാനും നിങ്ങളും കല്പം മുമ്പ് ഇതെല്ലാം തന്നെ കണ്ടിരുന്നു. ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ പറയുന്നു 5000 വർഷങ്ങൾക്കു ശേഷം വീണ്ടും ഈ ധർമ്മത്തിന്റെ സ്ഥാപന നിർവ്വഹിക്കുന്നു കാരണം അവരിൽ ബ്രഹ്മാണ്ഡത്തിന്റെയും സൃഷ്ടിയുടെ ആദിമദ്ധ്യഅന്ത്യത്തിന്റെയും ജ്ഞാനം ഇല്ല. ഈ ജ്ഞാനം ബാബ തന്നെയാണ് വന്ന് നൽകു ന്നത്. ബ്രഹ്മാണ്ഡം അർത്ഥം എവിടെയാണോ ആത്മാവ് അണ്ഡാകൃതിയിൽ വസിക്കുന്നത്. സന്യാസി മാർ ബ്രഹ്മത്തെ തന്നെയാണ് ഈശ്വരനെന്നു പറയുന്നത്. ബ്രഹ്മം തത്വമാണ്. പരമപിതാവായ പരമാത്മാവ് ശിവനാണ്. മറ്റുള്ള മനുഷ്യർ ബ്രഹ്മോഹം എന്നു പറയുന്നുണ്ട്, ശിവോഹം എന്നും പറയുന്നുണ്ട്. പക്ഷേ ശിവൻ, ബ്രഹ്മാ– വിഷ്ണു– ശങ്കരന്റെ രചയിതാവാണ്. ഭഗീരഥൻ ഗംഗ കൊണ്ടു വന്നു എന്നു പറയാറി ല്ലേ. അത് ഈ ഭഗീരഥനായ മനുഷ്യനാണ്. നന്ദിഗണം ഒരു മൃഗവുമായി. അവർ ഗോശാല എന്നു കേട്ട

പ്പോൾ കാളയെ വെച്ചു. ക്ഷേത്രങ്ങളിൽ ശരിയായ ചിത്രമാണ് – ലക്ഷ്മിനാരായണന്റെ, സീതാരാമന്റെ. ഇവരാണ് ഏറ്റവും ഉയർന്ന പ്രാപ്തി അനുഭവിക്കുന്നവർ. പ്രജകളും പ്രാപ്തി അനുഭവിക്കുന്നുണ്ട്. ലക്ഷ്മി നാരായണൻ ഒന്ന്, രണ്ട്.........എട്ട് ചക്രവർത്തീ പദവിയുണ്ട്. കുട്ടികൾ രാജ്യം ഭരിക്കുന്നു. സീതാരാമ ന്റെയും അതുപോലെയാണ്. ഇങ്ങനെയും പാടാറുണ്ട് ജഗദംബ ആദിദേവിയും ബ്രഹ്മാവ് ആദിദേവനും. ആദം ഹവ്വ ഇപ്പോൾ കറുത്തതാണ് ഇനി വെളുത്തതായിത്തീരണം. ലോകത്തിലുള്ളവർക്ക് ഈ കാര്യങ്ങ ളെക്കുറിച്ച് അറിയുകയില്ല. കാളി, ദുർഗ്ഗ, അംബ എല്ലാം ഒന്നിന്റെ പേരാണ്. സത്യമായ പേര് സരസ്വതി എന്നാണ്. ആത്മാവാണ് കറുക്കുന്നത് അല്ലാതെ കറുത്ത മുഖമായിത്തീരുന്നു എന്നല്ല. ഈ സമയത്ത് എല്ലാ ആത്മാക്കളും കറുത്തതാണ്. നമ്മൾ എല്ലാവരും കുരങ്ങന്മാരെപ്പോലെയായിരുന്നു. ഇപ്പോൾ ബാബ നമ്മെ തന്റെ സൈനികരാക്കിമാറ്റി. ഇപ്പോൾ രാവണനുമേൽ വിജയം പ്രാപ്തമാക്കുകയാണ്.

ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് എല്ലാ വേദ ശാസ്ത്രങ്ങളുടെയും സാരം ബ്രഹ്മാവിലൂടെ മനസ്സി ലാക്കി തരുന്നു. ബ്രഹ്മാവിന്റെ കൈയ്യിലാണ് ശാസ്ത്രത്തെ കാണിക്കുന്നത്. ശാസ്ത്രം ഒന്നായിരിക്കേണ്ടേ. ബ്രഹ്മാവിന്റെ കൈയ്യിലുണ്ട്–ശിരോമണി ഗീത. ബാബ ബ്രഹ്മാവിലൂടെ സർവ്വ വേദശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കിത്തരുന്നു. അതിനെ ഗീത എന്നാണ് പറയപ്പെടുന്നത്. ബാക്കി വേറെ ശാസ്ത്രമൊ ന്നും തന്നെയില്ല. ബുദ്ധിയിൽ ഗീതയുണ്ട്. ഗീതയിൽ ഭഗവാനുവാചയുണ്ട് കാമം മഹാശത്രുവാണെന്ന്, അപ്പോൾ ഗീത കേൾപ്പിക്കുന്നവർക്കും പറഞ്ഞുകൊടുക്കണം ഇതിനുമേൽ വിജയം പ്രാപ്തമാക്കുകയാ ണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുമെന്ന്. പക്ഷേ അവർ അങ്ങിനെ ഒരിക്കലും പറയുകയില്ല. എല്ലാം അസത്യമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. നമ്മളും അസത്യം പറഞ്ഞിരുന്നു. നമ്മളും ധാരാളം ഗുരുക്കന്മാരെ സമീപിച്ചു. അർജ്ജുനനോട് പറഞ്ഞിരുന്നു ഇതെല്ലാം തന്നെ മറന്നേക്കൂ. നിങ്ങളുടെ ഗുരു ക്കന്മാരെക്കൂടി പാവനമാക്കുന്നയാൾ ഞാനാണ്. ഇപ്പോൾ നിങ്ങൾ എന്താണോ പഠിച്ചുകൊണ്ടിരിക്കു ന്നത് അതെല്ലാം തന്നെ മറക്കൂ. നിങ്ങൾ ഇത്രയും കാലംകൊണ്ട് കേട്ടതല്ല ഇപ്പോൾ ഞാൻ കേൾപ്പിച്ചു തരുന്നത്. ഇപ്പോൾ നിങ്ങൾ കക്കയിൽ നിന്നും വജ്രത്തിനു സമാനമായിത്തീരുന്നു. ഇപ്പോൾ ഇതെല്ലാം നശിക്കണം. നിങ്ങൾ കുട്ടികൾ വിനാശവും സ്ഥാപനയും കണ്ടിട്ടുണ്ട്, അതുകൊണ്ടാണ് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്, ബാബയുടെ അടുത്ത് എല്ലാവരുടെയും കണക്കുകളുണ്ടാവും. എഴുതി നൽകാ റുണ്ട് – ഞാൻ ഇത്രയ്ക്കും പാപിയായിരുന്നു, ഇതെല്ലാം തന്നെ ചെയ്തു കാരണം ധർമ്മരാജനായ ബാബ പറയാറുണ്ട് – എന്നെ കേൾപ്പിക്കുന്നതിലൂടെ പകുതി ശിക്ഷ കുറയും. അതെല്ലാം തന്നെ സ്വകാര്യമായി ഇരിക്കും. അത് വായിച്ചു കഴിഞ്ഞാൽ അതിനെ കീറിക്കളയും. ഇത് ആൾമൈറ്റി ഗവൺമെന്റാണ്. ഇപ്പോൾ ചെറിയ വൃക്ഷമാണ്, ഇതിന്റെ തോട്ടക്കാരൻ സ്വയം ഭഗവാനാണ്. പതുക്കെ പതുക്കെ വൃദ്ധിയുണ്ടാവും. മായ പെട്ടെന്നു തന്നെ തളർത്തും. എവിടത്തെ കാര്യം കഥയുടെ രൂപത്തിൽ എവിടേക്കു കൊണ്ടുപോയി ട്ടു. നമ്മുടെ ലക്ഷ്മി–നാരായണൻ എത്രയ്ക്ക് മര്യാദാ പുരുഷോത്തമനും പുരുഷോത്തമനിയും പവിത്ര വുമായിരുന്നു. ഇവിടെ എല്ലാവരും അപവിത്രരാണ്. അവിടെ പവിത്രമായ ഗൃഹസ്ഥാശ്രമ ധർമ്മമായിരു ന്നു. ഇവിടെ അപവിത്ര ഗൃഹസ്ഥ അധർമ്മമായിരുന്നു. ചോദിക്കും പിന്നെ എങ്ങനെ ലോകം മുന്നോട്ട് പോകാനാണ്? ബാബ പറയുന്നു ഈ ലോകം ഇനി നിലനിൽക്കേണ്ട കാര്യമില്ല. എല്ലാം തന്നെ നശിക്ക ണം. ഇത് അന്തിമ ജന്മമാണ് അതുകൊണ്ട് കാമവികാരത്തെ ഉപേക്ഷിക്കൂ. നിങ്ങൾക്ക് ജന്മജന്മാന്തരമായി വികാരി മാതാപിതാവിൽ നിന്നും വിഷത്തിന്റെ സമ്പത്ത് ലഭിച്ചു വന്നു. ഇപ്പോൾ ഞാൻ ആജ്ഞാപിക്കുക യാണ് – വിഷത്തിന്റെ സമ്പത്തിനെ അവസാനിപ്പിക്കൂ. ഇല്ലെങ്കിൽ വൈകുണ്ഡത്തേക്കു പോകാൻ സാധി ക്കുകയില്ല. വികാരങ്ങൾക്കു മേൽ വിജയിക്കുകയാണെങ്കിൽ സ്വർഗ്ഗത്തേക്കു പോകും ഇല്ലെങ്കിൽ പാതാ ളത്തേക്ക്. രാമരാജ്യം ആകാശമാണെങ്കിൽ രാവണരാജ്യം പാതാളമാണ്. ഈ സമയത്ത് ദേവതാധർമ്മ ത്തിലുള്ളവർ അന്യധർമ്മത്തിലേക്ക് പരിവർത്തനപ്പെട്ടിരിക്കുകയാണ്. തന്റെ യഥാർത്ഥ ധർമ്മത്തെക്കു റിച്ച് അറിയുകയില്ല. മറ്റേതെങ്കിലും ധർമ്മത്തിൽ കുറച്ച് സുഖം കണ്ടെത്തിയെങ്കിൽ അപ്പോൾ തന്നെ പരി വർത്തനപ്പെട്ടു. ഇതിനെയാണ് അർദ്ധ ധർമ്മം(ഹാഫ് കാസ്റ്റ്) എന്നു പറയുന്നത്. ഇവിടെയും ആരാണോ ബ്രാഹ്മണധർമ്മത്തിലേക്ക് വന്നിട്ടും പുരുഷാർത്ഥത്തിൽ ദുർബലരായിരിക്കുന്നത് അവർക്ക് പ്രജാപദവി ലഭിക്കും. കാര്യം നേരെ പറഞ്ഞു തരികയാണ്.

ഋഷിമുനിമാർ ത്രികാലദർശികളായിരുന്നു എന്ന് പറയുന്നുണ്ട്, പക്ഷേ അവർ ജഗത്മിഥ്യ എന്ന് പറയുന്നു എങ്കിൽ എങ്ങനെ ത്രികാലദർശികളായിത്തീരും? വളരെയധികം അന്ധവിശ്വാസമാണ്. ഇന്നയാൾ നിർവ്വാ ണധാമം പൂകി എന്നു പറയുന്നതും അന്ധമായ വിശ്വാസമാണ്. എല്ലാവർക്കും പാർട്ട് അഭിനയിക്കാൻ ഇവിടേക്ക് ഹാജരാകണം. എല്ലാവരുടെയും വഴികാട്ടി ബാബയാണ്. ബാബ ആരോടും ഭക്തി ഉപേക്ഷി ക്കാൻ പറയുന്നില്ല. പരിപക്വ അവസ്ഥ വരുന്നതുവരെയ്ക്കും ഭക്തി ചെയ്തോട്ടെ. ഓർമ്മിക്കണം – ഞാൻ ആരുടെയും ഗുരുവല്ല. എങ്ങനെയാണോ നിങ്ങൾ കേൾക്കുന്നത് അതുപോലെ ഞാനും(ബ്രഹ്മാബാബ)

ശിവബാബയിൽ നിന്നും കേട്ടുകൊണ്ടിരിക്കുന്നു. നമ്മൾ എല്ലാവരുടെയും ഗുരു ആ നിരാകാരനാണ്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ഈ അന്തിമ ജന്മത്തിൽ പവിത്രതയുടെ പ്രതിജ്ഞ ചെയ്ത് ചുമതലയെടുക്കണം. ആത്മാവിനെ കറുത്ത തിൽ നിന്നും വെളുത്തതും സതോപ്രധാനവുമാക്കി മാറ്റാനുള്ള പുരുഷാർത്ഥം ചെയ്യണം.

2. അവിനാശി പ്രാപ്തി ഉണ്ടാക്കുന്നതിനു വേണ്ടി നിശ്ചയബുദ്ധിയായിത്തീർന്ന് പഠിപ്പ് പതിവായി പഠിക്ക ണം. ബാക്കി എന്തെല്ലാമാണോ ഇതുവരെയ്ക്കും പഠിച്ചിട്ടുള്ളത് അതിനെ ബുദ്ധികൊണ്ട് മറക്കണം.

## വരദാനം:- വിജയത്തിന്റ ഉന്മേഷ-ഉത്സാഹത്തിലൂടെ പ്രതീക്ഷയറ്റവരെ പ്രതീക്ഷയുള്ള വരാക്കി പരിവർത്തനപ്പെടുത്തുന്ന നിശ്ചയബുദ്ധിയായി ഭവിക്കട്ടെ.

നിശ്ചയം മുറിയാത്തതാണ് എങ്കിൽ വിജയം സദാ ഉള്ളത് തന്നെ. വിജയത്തിന്റെ ഉന്മേഷ-ഉത്സാഹം സദാ ഉണ്ടായിരിക്കണം, പ്രതീക്ഷയറ്റവരുടെ സംസ്കാരം പാടില്ല. ഏതൊരു ബുദ്ധിമുട്ടുള്ള കാര്യവും ഇത്രയും സഹജമായി തോന്നണം, ഇതൊന്നും വലിയ കാര്യമേയല്ല എന്നപോലെ, എന്തുകൊണ്ടെന്നാൽ അനേക തവണ കാര്യം ചെയ്തതാണ്, പുതിയ കാര്യമൊന്നുമല്ല ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാൽ പ്രതീക്ഷയറ്റവരുടെ പേരോ അടയാളമോ പോലും ഉണ്ടായിരിക്കരുത്. ഏതൊരു സ്വഭാവ-സംസ്കാരത്തിലും ഈ സങ്കല്പം വരരുത് അതായത് അറിയില്ല ഇവർ മാറുമോ ആവോ, മറിച്ച് സദാ വിജയി തന്നെയാണ്.

## സ്ലോഗൻ:- ശക്തിശാലിയാകണമെങ്കിൽ സദാ ഖജനാവുകളുടെ സ്മൃതിയിലും സ്മരണയിലും കഴിയൂ.